സാങ്കേതിക വിദ്യാഭ്യാസ ഡയറക്ട്റേറ്റ്,തിരുവനനതപുരം

**dtekerala@gmail.com**

**04712561307**

**നടപടിക്രമം**

വിദ്യാഭ്യാസം - സാങ്കേതികം-സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് കാര്യാലയം, തിരുവനന്തപുരം -ഇലക്ട്രോണിക്സ് വിഭാഗം ട്രേഡ്സ്മാൻ തസ്തികയിൽ നിന്നും ഇലക്ട്രോണിക്സ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച് - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **OA.1788-2024** ഹർജിയുടെ **22/11/2024** വിധിന്യായം നടപ്പാക്കി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം (ബി) വിഭാഗം**

**നമ്പർ:DTETVM/470/2025-EB2(EB)** **തിരുവനന്തപുരം,തീയതി.28-03-2025**

---

വായന -:

1. ശ്രീ ലിജോ ബെന്നറ്റ്, ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത **OA 1071/2024** ഹർജിയുടെ **30/09/2024** തീയതിയിലെ വിധിന്യായം.
2. **20-01-2025** തീയതിയിലെ **L1/490/2024-HEDN** നമ്പർ സർക്കാർ കത്ത്.
3. ഈ ഓഫീസിലെ ജീവനക്കാര്യം ബി **1** വിഭാഗത്തിലെ **31.01.2025** തീയതിയിലെ **DTETVM/8382/2024-EG3 (EG)** നമ്പർ ഉത്തരവ്.
4. ഈ ഓഫീസിലെ ഉത്തരവ് നമ്പർ **EG3/1996/16/DTE,** തീയതി **14.12.2016.**
5. ഈ ഓഫീസിലെ ഉത്തരവ് നമ്പർ **EB3/ 16565/ 13 /DTE,** തീയതി **13-01-2015.**
6. ഈ ഓഫീസിലെ ജീവനക്കാര്യം ജി വിഭാഗത്തിൽ നിന്നുള്ള **27/02/2025** തീയതിയിലെ **DTETVM/8382/2024-EG3 (EG)** നമ്പർ ഉത്തരവ്.
7. ശ്രീ ലിജോ ബെന്നറ്റ്, ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത **OA.1788-2024** ഹർജിയുടെ **22/11/2024** തീയതിയിലെ ഉത്തരവ് .
8. ഈ ഓഫീസിലെ ജീവനക്കാര്യം ബി **2** വിഭാഗത്തിൽ നിന്നുള്ള **27/02/2025** തീയതിയിലെ **DTETVM/10699/2024-EB2 (EB)** നമ്പർ ഹിയറിങ് നോട്ടീസ്.
9. ശ്രീ ലിജോ ബെന്നറ്റ്, ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത **Contempt Petition(Civil) 51/2025 .**
10. ഈ ഓഫീസിലെ **30.7.2024** തീയതിയിലെ **EB3/1371/2024/ DTE** നമ്പർ ഉത്തരവ്.
11. ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പിൽ നിന്നുള്ള ഉത്തരവ് നം. **G.O(P)No.503/2012/ H.Edn** തിരുവനന്തപുരം, തീയതി **12/10/2012.**
12. **10/02/2021** തീയതിയിലെ (പി) **27/2021/Fin** നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ഇലക്ട്രോണിക്സ് വിഭാഗം ട്രേഡ്സ്മാൻ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ ലിജോ ബെന്നറ്റ്, ട്രേഡ്സ്മാൻ തസ്തികയിൽ മുൻകാല പ്രാബല്യത്തിൽ നിയമനം നൽകുന്നതിന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ **OA 1071/2024** ഹർജി ഫയൽ ചെയ്തു.

പ്രസ്തുത ഹർജിയിലെ **30/09/2024** തീയതിയിലെ ബഹു. ട്രിബ്യൂണൽ ഉത്തരവ് നടപ്പാക്കുന്നതിന് സർക്കാരിൽ നിന്നും സ്പഷ്ടീകരണം ആവശ്യപ്പെടുകയും, ടി വിഷയത്തിൽ സർക്കാരിൽ നിന്നും വായന **2** പ്രകാരം നിർദേശം ലഭിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ, ( വായന (1 ലെ വിധിന്യായം അനുസരിച്ച് **31-01-2025** തീയതിയിലെ **DTATVM/8382/2024-RG3 (RC)** നമ്പർ ഉത്തരവ് പ്രകാരം, ശ്രീ ലിജോ ബെന്നറ്റിന് ലഭിച്ച ട്രേഡ്സ്മാൻ തസ്തികമാറ്റ നിയമനം **EB3/16565/13/DTE,** തീയതി **13-01:2015** മുതൽ മുൻകാല പ്രാബല്യത്തിൽ പുനഃക്രമീകരിച്ചു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

വായന (6) പ്രകാരം ശ്രീ. ലിജോ ബെന്നറ്റിനു ഉത്തരവ് നമ്പർ EG3/1996/16/DTE, തീയതി 14.12.2016 അനുസരിച്ചുള്ള ട്രേഡ്സ്മാൻ തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ ഇലക്ട്രോണിക്സ് വിഭാഗത്തിൽ ക്രമ നമ്പർ 9 a ആയി സീനിയോറിറ്റി പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്.

ഇതിനിടെ ശ്രീ. ലിജോ ബെന്നറ്റ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1788/2024 ഹർജിയുടെ വായന(7)-ലെ ഉത്തരവിൽ മറ്റ് ബാധിതരായവരെയും ടിയാനെയും 4 ആഴ്ചയ്ക്കകം നേരിൽ കേട്ട് ടിയാന്റെ ട്രേഡ്സ്മാൻ തസ്തികയിലേക്കും ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിലേക്കുള്ള പ്രമോഷൻ സീനിയോറിറ്റി പുനക്രമീകരിച്ച് അനുവദിക്കണമെന്ന അനക്ഷർ A12 അപേക്ഷ പരിഗണിച്ച് തീർപ്പാക്കണമെന്ന് ഉത്തരവായിരുന്നു. അപ്രകാരം തീർപ്പാകുന്നതുവരെ ട്രേഡ് ഇൻസ്ട്രക്ടർ തസ്തിക ഒഴിച്ചിടണമെന്നും നിർദ്ദേശിച്ചിരുന്നു.

ഒരു ട്രേഡ് ഇൻസ്ട്രക്ടർ തസ്തിക മേൽ നിർദ്ദേശപ്രകാരം ഒഴിച്ചിടുകയും, ഹിയറിംഗ് വായന (8) പ്രകാരം നടത്തുകയും ചെയ്തു. ശ്രീ.ലിജോ ബെന്നറ്റിന് സീനിയോറിറ്റി പരിഷ്കരിച്ച് നല്കുന്നതിലും അതിന്റെ അടിസ്ഥാനത്തിൽ പ്രമോഷൻ നല്കുന്നതിലും പരാതിയൊന്നുമില്ല എന്നാണ് ഹിയറിംഗിൽ പങ്കെടുത്തവർ അറിയിച്ചത്.
എന്നാൽ ഇതിനിടെ ശ്രീ. ലിജോ ബെന്നറ്റ് വായന (9) പ്രകാരം കോടതിയലക്ഷ്യ കേസ് ഫയൽ ചെയ്യുകയുമുണ്ടായി.

മേൽ സാഹചര്യത്തിൽ ട്രേഡ്സ്മാൻ തസ്തികയിലെ ജീവനക്കാരുടെ പരിഷ്കരിച്ച സീനിയോറിറ്റി പ്രകാരം ശ്രീ. ലിജോ ബെന്നറ്റിന്റെ തൊട്ടടുത്ത ജൂനിയറായ ശ്രീ. ജയ്മോൻ ജോസഫ് (പെൻ: 656580)-ന് ട്രേഡ് ഇൻസ്ട്രക്ടറായി സ്ഥാനക്കയറ്റം ലഭിച്ച 30-07-2024, തീയതി പ്രാബല്യത്തിൽ, ട്രേഡ്സ്മാൻ തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീ.ലിജോ ബെന്നെറ്റിന് 1958 ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസിലെ, റൂൾ 28(a) പ്രകാരം ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തികയിലേക്ക് ₹35600-75400/- രൂപ ശമ്പള സ്കെയിലിൽ താൽകാലികമായി സ്ഥാനക്കയറ്റം നൽകി ടിയാന്റെ പേരിനു നേരെയുള്ള സ്ഥാപനത്തിൽ നിയമിച്ചുകൊണ്ട് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച വായന (7) -ലെ ഉത്തരവ് നടപ്പിലാക്കി ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, പെൻ,ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം | പ്രാബല്യത്തീയതി |
|---|---|---|---|
| ഇലക്ട്രോണിക്സ്-1 | | | |
| 1. | ശ്രീ.ലിജോ ബെന്നറ്റ്<br>പെൻ:638082<br>ആർ ഐ റ്റി .കോട്ടയം | സർക്കാർ എൻജിനീയറിങ് കോളേജ്, വയനാട് | 30-07-2024 |

*ജീവനക്കാരന് അയോഗ്യനാണെന്ന് കണ്ടെത്തുകയോ ഒഴിവില്ലാത്ത സാഹചര്യമുണ്ടാകുകയോ ചെയ്താൽ സ്ഥാനക്കയറ്റം റദ്ദാക്കപ്പെടുന്നതായിരിക്കും.

*സ്ഥാനക്കയറ്റം ലഭിച്ചവര്ക്ക് പുതിയ തസ്തികയിലെ തുടർച്ചയായുള്ള രണ്ട് വർഷ സേവനത്തിനിടയിലെ ഒരു വർഷം നിരീക്ഷണകാലമായിരിക്കും.

*10.02.2021 ലെ ജി.ഓ.പി 27/2021/Fin നമ്പർ ഉത്തരവിലെ പാര(36)പ്രകാരമായിരിക്കും സ്ഥാനക്കയറ്റം ലഭിച്ചവരുടെ ശമ്പളം നിർണ്ണയിക്കുന്നത്.

*സ്ഥാനക്കയറ്റം ലഭിച്ചവർക്ക് നിയമാനുസൃത പ്രവേശനകാലം, യാത്രപ്പടി എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കും.

*സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥനെ സ്ഥാപന മേധാവി ഉടന് പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതാണ്.

*വിടുതൽ/ജോയിനിംഗ് റിപ്പോർട്ട് താമസം കൂടാതെ ഈ കാര്യാലയത്തിൽ അയച്ചുതരേണ്ടതാണ്.

**SHALIJ P R**
DIRECTOR

പകര്പ്പ്:-

1. അഡ്വക്കേറ്റ് ജനറൽ, കേരള(എറണാകുളം)(ആമുഖ കത്ത് സഹിതം)
2. ബന്ധപ്പെട്ട സ്ഥാപന മേധാവി (ഔദ്യോഗിക വെബ്സൈറ്റ് മുഖേന).

3 .ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (ഔദ്യോഗിക വെബ്സൈറ്റ് മുഖേന).

4 .ഇബി3 സെക്ഷൻ.

5.ഇജി3 സെക്ഷൻ.

6.കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

Signed by
Shalij P R
Date: 28-03-2025 17:18:35